# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>'സ്പീഡ് കേരള' പദ്ധതി</u>

1391 ശ്രീ. തോമസ് ചാണ്ടി
'' എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ ബൈപ്പാസുകളുടെ നിർമ്മാണമാണ് ഉടനെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ബൈപ്പാസുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ബൈപ്പാസുകളുടെ നിർമ്മാണത്തിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>റോഡ് പ്രവൃത്തികൾക്കായി അനുവദിച്ച തുക</u>

1392 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ് പ്രവൃത്തികൾക്കായി അനുവദിച്ച തുക ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) എറണാകുളം ജില്ലയിൽ അനുവദിച്ചിട്ടുള്ള തുക നിയോജക മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത തുക ഏതെല്ലാം പദ്ധതികൾ പ്രകാരമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) എറണാകുളം ജില്ലയിൽ റവന്യൂ ഫണ്ടിൽ നിന്നും ഏതെല്ലാം റോഡുകളുടെ സ്ഥലമെടുപ്പിനായി എന്തു തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

മാവേലിക്കര നിയോജകമണ്ഡലത്തിലെ വികസന പ്രവര്‍ത്തനങ്ങള്‍

1393 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാവേലിക്കര കണ്ടിയൂര്‍ ബൈപ്പാസ് നിര്‍മ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ബൈപ്പാസ് നിര്‍മ്മാണത്തിനുള്ള ഫണ്ട് ഈ സാമ്പത്തിക വര്‍ഷത്തെ ബഡ്ജറ്റില്‍ ഉള്‍പ്പെടുത്തി അനുവദിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ;

(സി) മാവേലിക്കര ജില്ലാ ആശുപത്രിയുടെ പുനരുദ്ധാരണ പ്രവര്‍ത്തനങ്ങള്‍ക്ക് 16 കോടി രൂപയുടെ പ്രപ്പോസല്‍ ലഭിച്ചിട്ടുണ്ടോ; ഈ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) മാവേലിക്കര എരുമക്കുഴി–ഇടപ്പോണ്‍ റോഡ് ബിഎം/ബിസി ടാറിംഗ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ?

# കേരള നിയമസഭ
# 20.01.2014–ലെ മറുപടിക്ക്

<u>സെൻട്രൽ റോഡ് ഫണ്ട് വിനിയോഗം</u>

1394 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണത്തിന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും എന്തു തുകയാണ് സംസ്ഥാനത്തെ റോഡുകളുടെ നവീകരണത്തിനായി ലഭിച്ചിട്ടുള്ളത്;

(സി) ജില്ല തിരിച്ചുള്ള പ്രസ്തുത തുകയുടെ വിവരവും കൊല്ലം ജില്ലയിൽ പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>റോഡുകളുടെ നവീകരണത്തിന് സ്ഥിരം കോൺട്രാക്ട്</u>

1395 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളിലെ നടപ്പാതകളിലെ പൊട്ടിയ സ്ലാബുകളിൽ കുടുങ്ങിയും, കുഴികളിൽപ്പെട്ടും നിരവധി അപകടങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതൊഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) റോഡുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ റോഡിന്റെയും നടപ്പാതകളുടെയും ഓടകളുടെയും നിലവാരവും സ്ഥിതിയും പരിശോധിക്കണമെന്ന് വ്യവസ്ഥയുണ്ടോ; എങ്കിൽ എത്ര കാലത്തിലൊരിക്കലാണ് അത്തരം പരിശോധന നിശ്ചയിച്ചിട്ടുള്ളതെന്നും പരിശോധന നടത്താറുള്ളതെന്നും വ്യക്തമാക്കുമോ;

(സി) നിരന്തരമുണ്ടാകുന്ന അപകടങ്ങളുടെ വെളിച്ചത്തിൽ അടിയന്തിര പരിശോധനയ്ക്കും, അറ്റകുറ്റപ്പണിക്കും നിർദ്ദേശം നല്കുകയും, തുടർച്ചയായ അവശ്യ അറ്റകുറ്റപ്പണിക്ക് സ്ഥിരം കോൺട്രാക്ട് നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ;

(ഡി) ഇത്തരം അപകടങ്ങൾ തുടർന്നുമുണ്ടാകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എഞ്ചിനീയറെയും കോൺട്രാക്ടറെയും ഉത്തരവാദികളാക്കുന്ന നിയമ ഭേദഗതി കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>വാമനപുരം നിയോജകമണ്ഡലത്തിൽ ആസ്തി വികസനഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ</u>

1396 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മിക്കാനുദ്ദേശിച്ച കെട്ടിടങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കാത്തതിനാൽ പണിതുടങ്ങുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തിയായവ ഏറ്റെടുക്കാൻ ആളില്ലാത്ത അവസ്ഥയിൽ ആണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് പകരം സംവിധാനം ഏർപ്പെടുത്തുമോ;

(സി) 2012–13 സാമ്പത്തിക വർഷത്തിൽ എ.ഡി.എഫിൽ നിന്നും വാമനപുരം മണ്ഡലത്തിൽ എത്ര കെട്ടിടങ്ങളാണ് നിർമ്മിക്കാൻ പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളത്; ഇവയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കുട്ടനാട്ടിൽ നടപ്പാക്കിയ പ്രവൃത്തികൾ</u>

1397 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ – മാരുടെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് കുട്ടനാട് നിയോജകമണ്ഡലത്തിൽ 2012–13 സാമ്പത്തിക വർഷത്തിൽ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് എം.എൽ.എ.–മാർക്ക് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) 2013–'14 ൽ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചുവെന്നും ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്നും ഉള്ള വിവരം ഫയൽ നമ്പർ ഉൾപ്പെടെ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സെൻട്രൽ റോഡ് ഫണ്ട് വിനിയോഗം</u>

1398 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പിന് കേന്ദ്ര സ്കീമനുസരിച്ച് എന്തു തുകയുടെ ധനസഹായം ലഭിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത കേന്ദ്രധനസഹായം എന്തെല്ലാം പദ്ധതികൾ/പ്രോജക്ടുകൾക്കായി വിനിയോഗിച്ചിട്ടുണ്ട് ; എന്തു തുക വീതം വിനിയോഗിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) സെൻട്രൽ റോഡ് ഫണ്ടിന്റെ (സി.ആർ.എഫ്.) ധനസഹായമായി എന്തു തുക 2012-2013 സാമ്പത്തിക വർഷത്തിൽ വകുപ്പിന് ലഭിച്ചിട്ടുണ്ട് ; പ്രസ്തുത തുക എപ്രകാരം വിനിയോഗിച്ചു എന്ന് വ്യക്തമാക്കാമോ ; തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനം</u>

1399 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എത്ര ടെണ്ടറുകളിൽ പങ്കെടുത്തു; അവ ഓരോന്നും എത്ര രൂപയുടെ ടെണ്ടറുകൾ ആയിരുന്നു; അവയുടെ പേര് വിവരം വെളിപ്പെടുത്താമോ;

(ബി) കൺസ്ട്രക്ഷൻ കോർപ്പറേഷൻ സ്വന്തമായി ഏതെങ്കിലും വർക്ക് നടത്തുകയുണ്ടായോ; മറ്റ് കോൺട്രാക്ടർമാർക്ക് മറിച്ച് കൊടുത്ത്കൊണ്ട് നിർവ്വഹിക്കപ്പെട്ട വർക്കുകൾ എത്ര; കോൺട്രാക്ടർമാർ ആരൊക്കെയാണ്;

(സി) കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ നാളിതുവരെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി, സ്വന്തമായി ഏതെല്ലാം നിർമ്മാണ സാമഗ്രികൾ കൈവശപ്പെടുത്തിയിട്ടുണ്ട്; സ്വന്തം തൊഴിലാളികൾ എത്രയാണ്; എന്തെല്ലാം നിർമ്മാണ വസ്തുക്കൾ സ്വന്തമായുണ്ട്;

(ഡി) സർക്കാർ ടെണ്ടറുകളിൽ കൺസ്ട്രക്ഷൻ കോർപ്പറേഷന് കിട്ടുന്ന പരിഗണനകൾ എന്തൊക്കെയാണ്;

(ഇ) ഈ സർക്കാരിന്റെ കാലത്ത് കൺസ്ട്രക്ഷൻ കോർപ്പറേഷന് വർക്കുകൾ നൽകുക വഴി പൊതുമരാമത്ത് വകുപ്പിന് എന്ത് തുകയുടെ അധിക ചെലവുണ്ടായിട്ടുണ്ട് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>കോൺട്രാക്ടർമാർക്ക് കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി</u>

1400 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്തു തീർത്ത വകയിൽ നിലവിൽ കോൺട്രാക്ടർമാർക്ക് എത്ര കോടി രൂപ കൊടുത്തുതീർക്കാനുണ്ട്;

(ബി) എത്രമാസത്തെ ബില്ലുകൾ കുടിശ്ശിക ഉണ്ട്;

(സി) ബില്ലുകൾ യഥാസമയം മാറിനൽകാത്തതുകൊണ്ട് കോൺട്രാക്ടർമാർ പ്രവൃത്തി ടെണ്ടറുകൾ ഏറ്റെടുക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ യഥാസമയം നടക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**20.01.2014–ലെ മറുപടിക്ക്**

<u>പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ചെലവ്</u>

1401 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നുവരുന്നതുമായ പ്രവൃത്തികളുടെ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര കോടി രൂപയുടേതാണെന്ന് വ്യക്തമാക്കാമോ;

(ബി) കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലുകളിൽ ഇനിയും പാസ്സാക്കിക്കൊടുത്തിട്ടില്ലാത്തവ മൊത്തം എന്ത് തുകയുടെതാണ്;

(സി) ഇതിനകം ഭരണാനുമതി നല്കിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര;

(ഡി) നിർമ്മാണത്തിലിരിക്കുന്നതും, നിർമ്മാണം പൂർത്തിയാക്കിയതും, ഭരണാനുമതി നൽകിയിട്ടുള്ളതുമായ പൊതുമരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി വരുന്നതായി കണക്കാക്കുന്ന മൊത്തം തുക എത്രയാണ്; ഇതിനായി തന്നാണ്ടിലെ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തപ്പെട്ടിട്ടുണ്ട്; വകയിരുത്തിയ തുകയിൽ ഇതിനകം ചെലവായിട്ടുള്ള തുക എത്രയാണ് എന്നറിയിക്കുമോ?

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

ഇട്ടിയപ്പാറയിലെ ശബരിമല പിൽഗ്രീം സെന്റർ

1402 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റാന്നി ഇട്ടിയപ്പാറയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ശബരിമല പിൽഗ്രീം സെന്ററിന്റെ ഭരണാനുമതി നൽകിയതെന്നാണ്;

(ബി) ഇതിന്റെ നിർമ്മാണം സംബന്ധിച്ച് എന്തൊക്കെ നടപടികളാണു പൂർത്തീകരിക്കാനുള്ളത്;

(സി) ഇതിനു സാങ്കേതികാനുമതി നൽകുന്നതിനായി സമർപ്പിച്ചിട്ടുള്ള ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ, കാരണം വിശദമാക്കുമോ;

(ഡി) വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലമാകയാൽ, മഴക്കാലത്തിനുമുമ്പ് പൈലിംഗ് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണു സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>പേരാവൂര്‍ ആസ്ഥാനമായി പുതിയ പി.ഡബ്ല്യൂ.ഡി. സെക്ഷന്‍</u>

1403 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഇരിട്ടി പി.ഡബ്ല്യൂ.ഡി. റോഡ് സെക്ഷന്‍ വിഭജിച്ച് പേരാവൂര്‍ ആസ്ഥാനമായി ഒരു പുതിയ പി.ഡബ്ല്യൂ.ഡി. സെക്ഷന്‍ ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

ചേലക്കര പരവൂരിലെ ഐ.റ്റി.സി. കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം

1404 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ പരവൂരിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.സി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരാറുകാരന് പൂർത്തിയാക്കിയ പണിക്കുള്ള ബിൽ തുക നൽകാത്തതിനാലാണ് പണിമുടങ്ങിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് നൽകിയിട്ടുള്ള ഭരണാനുമതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഭരണാനുമതിയനുസരിച്ച് എത്രത്തോളം പണിപൂർത്തിയാക്കിയെന്നും എന്തു തുക കരാറുകാരന് നൽകിയിട്ടുണ്ടെന്നും പൂർത്തിയാക്കിയ പണിക്ക് കുടിശ്ശിക ഇനത്തിൽ എന്തു തുക കൊടുക്കുവാനുണ്ടെന്നും അറിയിക്കാമോ;

(ഇ) സമയബന്ധിതമായി പ്രസ്തുത നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കി സ്ഥാപനത്തിന്റെ പ്രവർത്തനം സുഗമമായി നടത്തുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

വികസനവുമായി ബന്ധപ്പെട്ട് കുടിയിറക്കപ്പെടുന്ന കച്ചവട സ്ഥാപനങ്ങൾക്കും ഉടമകൾക്കുമുള്ള പുനരധിവാസ പാക്കേജ്

1405 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ജംഗ്ഷനുകളുടെ വികസനവുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പ് നടക്കുമ്പോൾ മാറ്റപ്പെടുന്ന കച്ചവടസ്ഥാപനങ്ങളെയും സ്ഥലം ഉടമകളെയും പുനരധിവസിപ്പിക്കുവാൻ പ്രത്യേകമായ പുനരധിവാസ പാക്കേജുകൾ നടപ്പിലാക്കുന്നുണ്ടോ; ഇത്തരം പുനരധിവാസ പ്രവർത്തനങ്ങൾക്ക് തുക നീക്കി വച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ചേർത്തല മനോരമ ജംഗ്ഷൻ വികസനത്തിനായി ഒഴിവാക്കപ്പെടുന്ന വ്യാപാരസ്ഥാപനങ്ങളുടെ കാര്യത്തിൽ ആലപ്പുഴ ജില്ലാ കളക്ടർ മുഖേനയോ മറ്റേതെങ്കിലും ഏജൻസികൾ വഴിയോ പുനരധിവാസ പാക്കേജ് തയ്യാറാക്കി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ; ഇതിനുവേണ്ടി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

പട്ടാമ്പി നിയോജക മണ്ഡലത്തിൽ പി. ഡബ്ല്യു. ഡി. ഉദ്യോഗസ്ഥരെ നിയോഗിക്കാൻ നടപടി

1406

ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി, തൃത്താല നിയോജക മണ്ഡലങ്ങൾക്കായി പട്ടാമ്പി ആസ്ഥാനമാക്കി ഒരു റോഡ്സ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറേയും, പട്ടാമ്പി നിയോജക മണ്ഡലത്തിനായി ഒരു റോഡ് അസിസ്റ്റന്റ് എഞ്ചിനീയറേയും നിയമിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) രണ്ട് നിയോജക മണ്ഡലങ്ങൾക്ക് ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറേയും, ഓരോ നിയോജക മണ്ഡലത്തിനും ഓരോ അസിസ്റ്റന്റ് എഞ്ചിനീയർമാരേയും നിയമിക്കുവാനുള്ള മുൻതീരുമാനം നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ദേശീയപാത വികസനത്തിന് കേന്ദ്രസഹായം</u>

1407 ശ്രീ. വി. റ്റി. ബൽറാം
'' കെ. അച്ചുതൻ
'' വർക്കല കഹാർ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ പാത വികസനത്തിന് കേന്ദ്ര സർക്കാർ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ്; വിവരിക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി നൽകുന്നത്; വിശദമാക്കുമോ;

(ഡി) ഇവയുടെ പണികൾ തുടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ദേശീയപാതാവികസനം – നഷ്ടപരിഹാരത്തിന് പ്രത്യേക പാക്കേജ്</u>

1408 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ദേശീയപാതയുടെ വീതി എത്രയായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ദേശീയപാത വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഏറ്റെടുക്കുന്ന ഭൂമിക്ക് അതാത് പ്രദേശത്തുള്ള ഭൂമി വിലയ്ക്ക് ആനുപാതികമായി നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം എന്നറിയിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ബൈപ്പാസുകളുടെ നിർമ്മാണം</u>

1409 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, കെ. മുരളീധരൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര സഹായത്തോടെ ബൈപ്പാസുകൾ നിർമ്മിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇവയുടെ പണികൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>നാഷണൽ ഹൈവേയുടെ വീതി</u>

1410 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ അതോറിറ്റി എത്ര മീറ്റർ വീതിയാണ് നാഷണൽ ഹൈവേയ്ക്ക് നിഷ്ക്കർച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ബി) നാഷണൽ ഹൈവേ അതോറിറ്റി ആവശ്യപ്പെട്ടപ്രകാരം വീതി കൂട്ടുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകാമെന്ന് സർക്കാർ സമ്മതിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം പ്രദേശത്ത് എത്ര സ്ഥലം സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നാഷണൽ ഹൈവേയുടെ വീതി എത്ര മീറ്റർ കൂട്ടാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുളളത് എന്ന് വ്യക്തമാക്കുമോ;

(ഇ) സർക്കാരിന്റെ തീരുമാനം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുളള രേഖകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>നാഷണൽ ഹൈവേ 47 നാലുവരിപ്പാതയാക്കുന്നതിനായി സ്ഥലമെടുപ്പ് ജോലികൾ</u>

1411 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ 47 നാലുവരിപ്പാതയാക്കുന്നതിനായി പ്രസ്തുത റോഡിന്റെ വീതി 45 മീറ്ററെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലമെടുപ്പ് ജോലികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) എൻ.എച്ച്.47 നാലുവരി പാതയ്ക്കുവേണ്ട സ്ഥലമെടുപ്പ് ജോലികളിൽ നിന്നും റവന്യൂ ഉദ്യോഗസ്ഥരെ പിൻവലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

ദേശീയ പാത വികസനം

1412 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയ പാത വികസനത്തിന് 45 മീറ്റർ വീതി ആക്കി നിജപ്പെടുത്തി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ വിശദാംശം നൽകുമോ; ഇക്കാര്യത്തിൽ സംഭവിച്ചിട്ടുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കുമോ;

(ബി) ഇപ്രകാരം 45 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുത്തിട്ടുള്ള സ്ഥലങ്ങളിൽ ദേശീയ പാത വികസന പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമോ; എങ്കിൽ എന്നുമുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ ബൈപാസ് നിർമ്മാണം</u>

1413 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ബൈപാസ് നിർമ്മാണം ഒരു വേറിട്ട പ്രത്യേക പ്രോജക്ടായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇതിലേയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) ആറ്റിങ്ങൽ ബൈപാസ് നിർമ്മാണത്തിൽ നാഷണൽ ഹൈവേ അതോറിറ്റി അലംഭാവം കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

<u>പേരാമ്പ്ര ബൈപ്പാസിന് ഭൂമി ഏറ്റെടുക്കുന്ന നടപടി</u>

1414 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ബൈപ്പാസിന് തുക വകയിരുത്തിയത് എപ്പോഴാണെന്നും തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ അലൈൻമെന്റ് അംഗീകരിച്ചത് എപ്പോഴാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ബൈപ്പാസ് സംബന്ധിച്ച് ഭൂവുടമകൾ നൽകിയ കേസുകൾ നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച പുതിയ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇത് സംബന്ധിച്ചുള്ള സാമൂഹിക സാമ്പത്തിക പഠന റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഏതെല്ലാം പദ്ധതികൾക്ക് എവിടെയെല്ലാം ഭൂമി ഏറ്റെടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

ഓതടം പാലം–വൈവേല്യേങ്ങര ബൈപ്പാസ് നിർമ്മാണം

1415 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്ങാടിപ്പുറം ടൗണിലെ ഗതാഗതക്കുരുക്കിനു ശാശ്വതപരിഹാരം കാണുന്നതിന് ഓതടം പാലം–വൈവേല്യേങ്ങര ബൈപ്പാസ് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, പ്രസ്തുത ബൈപ്പാസ് നിർമ്മിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ പാതകളുടെയും വികസനം</u>

1416 ശ്രീ. റോഷി അഗസ്റ്റിന്‍
ഡോ. എന്‍. ജയരാജ്
ശ്രീ. പി. സി. ജോര്‍ജ്
,, എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന പാതകളും പ്രധാന ജില്ലാ പാതകളും കെ. എസ്. ടി. പി. മാതൃകയില്‍ വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്രകാരം എത്ര കിലോമീറ്റര്‍ ദൈര്‍ഘ്യമുള്ള റോഡുകളാണ് നിര്‍മ്മിക്കാന്‍ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ ചെലവിലേയ്ക്ക് എത്ര തുകയാണ് വകയിരുത്താന്‍ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ നല്‍കുമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം</u>

1417 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ
,, ആർ. സെൽവരാജ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടാറിനോടൊപ്പം ഉപയോഗശൂന്യമായ പ്ലാസ്റ്റിക്ക് ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന് അനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇപ്രകാരം നിർമ്മിക്കപ്പെടുന്ന റോഡുകളുടെ ഗുണമേന്മ പഠനവിധേയമാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം റോഡുകളാണ് ഇങ്ങനെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ക്വാളിറ്റി കൺട്രോൾ ലാബുകൾ</u>

1418 ശ്രീ. റ്റി. എൻ. പ്രതാപൻ
,, പി. എ. മാധവൻ
,, എ. റ്റി. ജോർജ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.ഡബ്ല്യു.ഡി. നടത്തുന്ന നിർമ്മാണ ജോലികൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണ നിലവാരം പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി ജില്ലാ കേന്ദ്രങ്ങളിൽ 'ക്വാളിറ്റി കൺട്രോൾ ലാബുകൾ' സ്ഥാപിക്കുന്ന കാര്യം പരിഗണനയി ലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന്റെ പ്രവർത്തനരീതിയുടെ വിശദാംശങ്ങൾ വെളി പ്പെടുത്തുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>റോഡ് യൂസർ പെർസപ്ഷൻ സർവ്വേ</u>

1419 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. പി. സജീന്ദ്രൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ജനഹിതമറിയാനുള്ള എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സർവ്വേയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

റോഡ് വികസനത്തിനു സംഘടിപ്പിക്കപ്പെട്ട ശില്പശാല – നിർദ്ദേശങ്ങൾ

1420 ശ്രീ. വർക്കല കഹാർ
,, എ. റ്റി. ജോർജ്
,, അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് വികസനത്തിന്റെ നവീന മാതൃകകളെ സംബന്ധിച്ച് ശിൽപശാല സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം വിഷയങ്ങളാണ് ശിൽപശാലയിൽ ചർച്ച ചെയ്തത്; വിശദമാക്കുമോ;

(ഡി) ശിൽപശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) അവ നടപ്പാക്കാൻ എന്തെല്ലാം തുടർ നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>റോഡുകളുടെ പുനരുദ്ധാരണം</u>

1421 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന പാതകളും പൊതുമരാമത്ത് വകുപ്പ് റോഡുകളും അന്തർദേശീയ നിലവാരത്തിൽ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) കെ.എസ്.റ്റി.പി. മാതൃകയിൽ മുഴുവൻ റോഡുകളുടെയും പുനരുദ്ധാരണം നിശ്ചിത വർഷത്തേക്ക് 'ഗ്യാരന്റീഡ്' ആയി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

റോഡ് നിർമ്മാണം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി

1422 ശ്രീ. വി. ഡി. സതീശൻ
,, പാലോട് രവി
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് നിർമ്മാണം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളും ഗുണനിലവാരവുമാണ് ഇതുവഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

'ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്'

1423 ശ്രീ. ഹൈബി ഈഡൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്' രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നഗരങ്ങൾ, ടൗൺ സെന്ററുകൾ, റോഡുനിരത്തുകൾ എന്നിവിടങ്ങളിൽ അമിനിറ്റീസ് സെന്ററുകൾ പ്രവർത്തിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടങ്ങളിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

<u>2012-13, 2013-14 എന്നീ സാമ്പത്തികവര്‍ഷങ്ങളില്‍ കുട്ടനാട്ടില്‍ നടന്ന മരാമത്തുപണികള്‍</u>

1424 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-13, 2013-14 എന്നീ സാമ്പത്തികവര്‍ഷങ്ങളില്‍ കുട്ടനാട് നിയോജകമണ്ഡലത്തില്‍ ഏതെല്ലാം പൊതുമരാമത്ത് നിര്‍മ്മാണപ്രവൃത്തികള്‍ക്കാണു ഭരണാനുമതി ലഭ്യമായിട്ടുള്ളതെന്നു വിശദമാക്കുമോ;

(ബി) അതില്‍ ഏതൊക്കെ നിര്‍മ്മാണപ്രവൃത്തികള്‍ ആരംഭിച്ചുവെന്നും, ഏതൊക്കെ പ്രവൃത്തികള്‍ ആരംഭിക്കാനുണ്ടെന്നും, ഏതൊക്കെ പ്രവൃത്തികള്‍ പൂര്‍ത്തീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദമായ റിപ്പോര്‍ട്ട് ലഭ്യമാക്കുമോ;

(സി) തൈച്ചേരി പാലത്തിന്റെയും, ജീമംഗലം റോഡിലെ പാലത്തിന്റെയും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സമര്‍പ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

റെയിൽവേ അണ്ടർപ്പാസിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം

1425 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ പണിപൂർത്തിയായ റെയിൽവേ അണ്ടർപ്പാസിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കാത്തതിനാൽ ജനങ്ങൾക്കു നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ നവീകരണം</u>

1426 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ നവീകരണം കെ. എസ്. റ്റി. പി. യെ ഏൽപ്പിച്ചത് എന്നാണ്;

(ബി) പ്രസ്തുത റോഡിന്റെ ദേശീയപാതാ നിലവാരത്തിലുള്ള നിർമ്മാണം ഏതു ഘട്ടത്തിലാണ്; പുനലൂർ മുതൽ തൊടുപുഴ വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണമെന്താണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് ലഭിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; നിർമ്മാണം ടെൻഡർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നു വ്യക്തമാക്കാമോ;

(ഡി) വിവിധ നിയോജക മണ്ഡലങ്ങളിൽ ഏതൊക്കെ വില്ലേജുകളിലാണ് സ്ഥലമെടുപ്പ് പൂർത്തിയാക്കാനുള്ളത് എന്നത് സ്ഥലത്തിന്റെ വിശദാംശം സഹിതം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത റോഡിന്റെ പൊൻകുന്നം മുതൽ തൊടുപുഴ വരെ നിർമ്മാണ പ്രവർത്തനത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ നിർമ്മാണം ടെൻഡർ ചെയ്തിട്ടുണ്ടോ; ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കാമോ;

(എഫ്) പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>തിരുവനന്തപുരം – ചെങ്കോട്ട റോഡിൽ വാഹന ഗതാഗതം</u>

1427 ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം – ചെങ്കോട്ട റോഡിൽ പാലോട് ഫോറസ്റ്റ് റെയിഞ്ചാഫീസിനു സമീപമുള്ള റോഡ് വാമനപുരം നദിയിലേക്ക് ഇടിഞ്ഞു വീണ് വാഹന ഗതാഗതത്തിന് തടസ്സം നേരിടുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം</u>

1428 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുളള എത്ര കിലോമീറ്റർ പൊതുമരാമത്ത് റോഡാണ് നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുളളത്;

(ബി) പ്രസ്തുത നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) ഈ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന കൊല്ലം ജില്ലയിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

കൊല്ലം - തേനി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

1429 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം - തേനി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്കു ആരംഭിക്കുമെന്നു വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി എന്നത്തേയ്ക്കു ആരംഭിക്കുമെന്നറിയിക്കുമോ;

(സി) കൊല്ലം-തേനി ദേശീയപാതയുടെ നിർമ്മാണ പ്രവൃത്തികൾക്കായി എന്തു തുക ആകെ അനുവദിച്ചു എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>വയനാട് ചുരത്തിലെ വളവുകൾ ഇന്റർലോക്ക് ചെയ്യുന്ന പ്രവൃത്തി</u>

1430

ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ചുരത്തിലെ വളവുകൾ ഇന്റർലോക്ക് ചെയ്യുന്ന പ്രവൃത്തി ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കോട്ടയം- കോടിമത പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

1431 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയിൽ ചേർത്തല എക്സ്റേ-ബൈപ്പാസിൽ നിന്നും തുടങ്ങുന്ന കോട്ടയം- കോടിമത പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി എന്നു അറിയിക്കുമോ; ഇതിന്റെ സ്ഥലമെടുപ്പ് ജോലികൾ ഏതുവരെയായി എന്നു വിശദമാക്കുമോ; പ്രസ്തുത റോഡിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എന്നു വിശദമാക്കുമോ;

(ബി) കോടിമത പാതയുടെ നിർമ്മാണത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥലത്ത് താമസിക്കുന്ന ജനങ്ങൾ നിലവിൽ തങ്ങളുടെ പേരിലുള്ള ഭൂമി വിൽക്കുന്നതിനോ മക്കളുടെ വിവാഹമടക്കമുള്ള ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനോ, പുതിയ കെട്ടിടങ്ങൾ വയ്ക്കുന്നതിനോ കഴിയാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജനങ്ങളുടെ ഇപ്രകാരമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കോടിമത പാതയ്ക്കുള്ള സ്ഥലമെടുപ്പ് ജോലികൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കോടിമത പാതയുടെ നിർമ്മാണം ബി.ഒ.റ്റി അടിസ്ഥാനത്തിലാണോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ശ്രീ ശങ്കര പാലത്തിന്റെയും ബൈപ്പാസ് റോഡിന്റെയും അലൈൻമെന്റ്</u>

1432 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീ ശങ്കര പാലത്തിന്റെയും ബൈപ്പാസ് റോഡിന്റെയും മറ്റൂരിൽ നിന്നും ആരംഭിച്ച് താണിപ്പുഴയിൽ അവസാനിക്കുന്ന അലൈൻമെന്റ് നടപ്പിലാക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) ശ്രീ ശങ്കര സമാന്തരപാലത്തിന്റെയും ബൈപ്പാസ് റോഡിന്റെയും നിർമ്മാണം സംബന്ധിച്ച് 1961-ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6-ാം വകുപ്പ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനായി അവലംബിച്ച മാനദണ്ഡം എന്തെന്ന് വിശദമാക്കാമോ ;

(ഡി) കാലടിയിലെ നിലവിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിർദ്ദിഷ്ട സമാന്തരപാലത്തിന്റെയും ബൈപ്പാസ് റോഡിന്റെയും അലൈൻമെന്റ് നിർണ്ണയിക്കുന്നതിനായി സാങ്കേതിക വിദഗ്ദ്ധരെ കൊണ്ട് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണം</u>

1433

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നഗരത്തിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതു സംബന്ധിച്ച് ആർ.ബി.ഡി.സി.കെ. സാധ്യതാപഠനം നടത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വിശദമാക്കാമോ;

(സി) ഈ പദ്ധതിയെ 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>കരമന–കളിയിക്കാവിള റോഡ് വികസനം</u>

1434 ശ്രീ.എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരമന–കളിയിക്കാവിള റോഡ് നാഷണൽ ഹൈവേ ആയിട്ടാണോ സ്റ്റേറ്റ് ഹൈവേ ആയിട്ടാണോ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ വികസനം എത്ര ഘട്ടം ആയാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ഘട്ടത്തിന്റെയും പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ഡി) സ്ഥലം ഏറ്റെടുപ്പ് ഏതുവരെയായി; സ്ഥലം നൽകുന്നവർക്ക് എത്ര രൂപ വീതമാണ് നഷ്ടപരിഹാരം നൽകുന്നത്;

(ഇ) നാളിതുവരെ എത്ര തുക വിതരണം ചെയ്തു;

(എഫ്) ഇനി എത്ര പേർക്ക് നഷ്ടപരിഹാരതുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.01.2014–ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിൽ പൊതുമരാമത്ത് റോഡ് , കെട്ടിട വിഭാഗങ്ങൾ ഭരണാനുമതി നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ</u>

1435 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ 2009–10, 2010–11 എന്നീ സാമ്പത്തികവർഷങ്ങളിലായി പൊതുമരാമത്ത് കെട്ടിടവിഭാഗം, റോഡുവിഭാഗം എന്നിവ എത്ര പ്രവൃത്തികൾക്കു ഭരണാനുമതി നൽകിയിട്ടുണ്ട്; ഓരോ പ്രവൃത്തിയുടെയും പേരുവിവരവും ഭരണാനുമതി പ്രകാരമുള്ള തുകയും പ്രത്യേകമായി വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്;

(സി) പൂർത്തീകരിക്കാത്തവ ഏതൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താറുണ്ടോ; ഉണ്ടെങ്കിൽ, ഇതുപ്രകാരം സ്വീകരിച്ച നടപടി എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

നാദാപുരം നിയോജക മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ

1436 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാദാപുരം നിയോജക മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമീണ റോഡുകളാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്;

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ബാലുശ്ശേരി-കൂട്ടാലിട-നരയംകുളം-കായണ്ണ-പേരാമ്പ്ര ബദൽ റോഡ് വികസനം

1437 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി, പേരാമ്പ്ര അസംബ്ലി മണ്ഡലങ്ങളിൽപ്പെട്ട ബാലുശ്ശേരി-കൂട്ടാലിട-നരയംകുളം-കായണ്ണ-പേരാമ്പ്ര റോഡ് വികസനത്തിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>മമ്പറം പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പ്</u>

1438 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മമ്പറം പാലത്തിന്റെ അപ്രോച്ച് റോഡിനായുള്ള സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>പട്ടാമ്പി നിയോജകമണ്ഡലത്തിലെ റോഡുകളുടെ നവീകരണം</u>

1439 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടാമ്പി നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന റോഡുകൾ നവീകരിക്കുന്നതിന് 2014–15 ലെ ബഡ്ജറ്റിൽ തുക വകയിരുത്തുമോ?

(ശ) വിളയൂർ – കൈപ്പുറം റോഡ്
(ശശ) പട്ടാമ്പി – ആമയൂർ റോഡ്
(ശശശ) വണ്ടുന്തറ – നാട്യമംഗലം റോഡ്
(ശ്) മൃഗാശുപത്രി – മുതുതല റോഡ്
(്) വല്ലപ്പുഴ – മുളയൻ കാവ് റോഡ്
(്ശ) ഷൊർണൂർ– പട്ടാമ്പി തീരദേശ റോഡ്
(്ശശ) പട്ടാമ്പി – ഭാരതപ്പുഴ തീരം
ബൈപാസ് റോഡ്– നിർമ്മാണം

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ചൂണ്ടൽ–കുറ്റിപ്പുറം കെ.എസ്.റ്റി.പി. റോഡിലെ സുരക്ഷാനടപടികൾ</u>

1440 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചൂണ്ടൽ–കുറ്റിപ്പുറം കെ.എസ്.റ്റി.പി. റോഡിലെ സീബ്രാ ലൈനുകളും മറ്റടയാളങ്ങളും മാഞ്ഞുപോയി എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, പ്രസ്തുത റോഡിൽ സീബ്രാ ലൈനുകളും, റിഫ്ളക്ടറുകൾ അടക്കമുള്ള അടയാളങ്ങളും സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ചെറുതാഴം – കുറ്റൂർ – പെരിങ്ങോം റോഡ് നിർമ്മാണം</u>

1441 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ എം. എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 3 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച ചെറുതാഴം– കൂറ്റൂർ–പെരിങ്ങോം റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ രണ്ടാംഭാഗം (5/400 മുതൽ 10 കി.മീ.) വരെ മെക്കാഡം ടാറിംഗ് ചെയ്യുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>തവന്നൂർ മണ്ഡലത്തിലെ റോഡുകൾ നന്നാക്കുന്നതിനുള്ള നടപടി</u>

1442 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 2013-14 സാമ്പത്തിക വർഷത്തിൽ തവന്നൂർ മണ്ഡലത്തിലെ റോഡുകൾ നന്നാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം റോഡുകളുടെ പ്രൊപ്പോസലുകളാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിന്മേലുള്ള നടപടി ഏതുവരെയായി എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>തുക നൽകാത്തതിനാൽ കരാറുകാർ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാത്ത സാഹചര്യം</u>

1443 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു കരാർ പ്രവൃത്തികളുടെ അന്തിമ ബിൽ സമർപ്പിച്ചിട്ടും തുക നൽകാത്തതിനാൽ കരാറുകാർ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാതെ പൊതു നിർമ്മാണ പ്രവൃത്തികൾ നിലയ്ക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കരാറുകാർക്ക് പ്രവൃത്തി പൂർത്തീകരിച്ച ഇനത്തിൽ എത്ര തുക നൽകാനുണ്ടെന്ന് വിശദമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും തുക എത്ര മാസക്കാലമായി കുടിശ്ശിക ആണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>അരൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ</u>

1444 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമരാമത്ത് വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ എന്തൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുളളത്;

(ബി) ഓരോ പ്രവൃത്തിയുടേയും തുക എത്രയാണ്;

(സി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>കുറ്റ്യാടി മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ</u>

1445

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്നതും പ്രവർത്തനം നടന്നുവരുന്നതുമായ റോഡ്, പാലം, കെട്ടിടം പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും തുടങ്ങാൻ കഴിയാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിന്റെ കാരണങ്ങൾ എന്തെന്നും വ്യക്തമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ചെങ്കിലും സാങ്കേതികാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും ലഭിക്കാത്തതിന്റെ കാരണങ്ങളും വ്യക്തമാക്കുമോ;

(ഡി) ഭരണാനുമതി ലഭിക്കുന്നതിനായി പ്രൊപ്പോസൽ നൽകിയിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) 2014–15 ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.01.2014-ലെ മറുപടിക്ക്**

<u>ചടയമംഗലം മണ്ഡലത്തിലെ മരാമത്തു പ്രവൃത്തികൾ</u>

1446 **ശ്രീ.മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പു മുഖേന 2011 ജൂൺ മുതൽ 2013 ഡിസംബർ വരെ ഏറ്റെടുത്തു നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരം തുക ഉൾപ്പെടെ ലഭ്യമാക്കാമോ;

(ബി) ഇപ്പോൾ പ്രവൃത്തി നടന്നുവരുന്ന റോഡുകളുടെ പേരുവിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

ബാലുശ്ശേരി മുക്ക് ജംഗ്ഷൻ വീതികൂട്ടൽ പ്രവൃത്തി

1447 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ബാലുശ്ശേരി മുക്ക് ജംഗ്ഷൻ വീതികൂട്ടൽ പ്രവൃത്തി ആരംഭിക്കാൻ എന്തെല്ലാം നടപടികളാണ് പൂർത്തിയാവാനുള്ളത്;

(ബി) പ്രസ്തുത പണിക്കായി ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന ഭൂമിയുടെ അളവ്, നിശ്ചയിക്കപ്പെട്ട വില എന്നിവ എത്രയാണെന്ന് അറിയിക്കാമോ;

(സി) ഭൂവുടമകൾക്ക് തുക അനുവദിക്കുന്നതിലെ തടസ്സങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇവ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 20.01.2014–ലെ മറുപടിക്ക്

<u>തീർത്ഥാടന കേന്ദ്രമായ മമ്പുറം മഖാമിൽ പുതിയ പാലം നിർമ്മാണം</u>

1448 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തീർത്ഥാടന കേന്ദ്രമായ മമ്പുറം മഖാമിലേക്ക് നിലവിലുള്ള ഇടുങ്ങിയ പാലത്തിന് സമാന്തരമായി ഒരു പുതിയ പാലം നിർമ്മിക്കുമെന്ന ബഡ്ജറ്റ് നിർദ്ദേശം നടപ്പിലാക്കുകയുണ്ടായോ ;

(ബി) ഇതിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനുവേണ്ടി 2013–14 ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട് ;

(ഡി) ഇതിനകം എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ഇ) എന്ന് ഈ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ഇരിണാവ് പാലത്തിന് പുതുക്കിയ ഭരണാനുമതി</u>

1449 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ 14–7–2009–ന് 925 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഇരിണാവ് പാലത്തിന്റെ പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ച പ്രൊപ്പോസലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പുതുക്കിയ ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ഓട്ടാഫീസ് കടവ് പാലത്തിന്റെ നിർമ്മാണം</u>

1450

ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജക മണ്ഡലത്തിലെ ഓട്ടാഫീസ് കടവ് പാലത്തിന്റെ നിർമ്മാണത്തിലുണ്ടായ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന് നിലവിൽ എന്തെങ്കിലും തടസ്സം ഉണ്ടോ;

(സി) പാലത്തിന്റെയും അപ്രോച്ച്റോഡിന്റെയും നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ;

(ഡി) ഓരോ ദിവസവും ചെയ്യേണ്ട പ്രവൃത്തികളുടെ സമയപട്ടിക തയ്യാറാക്കി കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

<u>ഒറ്റപ്പാലം-തരൂർ അസംബ്ലി മണ്ഡലങ്ങളെ ബന്ധപ്പെടുത്തി ഭാരതപ്പുഴയ്ക്ക് കുറുകെ പാലം</u>

1451 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം-തരൂർ അസംബ്ലി മണ്ഡലങ്ങളെ ബന്ധപ്പെടുത്തി ഭാരതപ്പുഴയ്ക്ക് കുറുകെ പാലം നിർമ്മിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ഡി) പാലം പണി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>പനച്ചമൂട്ടിൽകടവ് പാലത്തിന്റെ നിർമ്മാണം</u>

1452

ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജക മണ്ഡലത്തിലെ പനച്ചമൂട്ടിൽകടവ് പാലത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിൽ കാലതാമസം നേരിടാനുള്ള കാരണം എന്തെന്ന് വിശദമാക്കാമോ;

(സി) പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് എന്നത്തേക്ക് ഗതാഗതയോഗ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>തൊണ്ടയാട് ജങ്ഷനിലെ മേൽപ്പാലം നിർമ്മാണം</u>

1453

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് തൊണ്ടയാട് ജങ്ഷനിൽ മേൽപ്പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മേൽപ്പാലം നിർമ്മാണത്തിന് എന്തു തുകയാണ് ചെലവു പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ പാലങ്ങളുടെ നിർമ്മാണം</u>

1454 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത എത്ര പാലങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) കുളിരാന്തിരി പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ വണ്ണാത്തിക്കടവ് പാലം നിർമ്മാണം</u>

1455 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം-കുറ്റൂർ പെരിങ്ങോം റോഡിൽ സ്ഥിതി ചെയ്യുന്ന വണ്ണാത്തിക്കടവ് പാലം പുതുക്കിപ്പണിയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണപ്രവർത്തനം ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

കൂട്ടിലങ്ങാടി–കുറുവ–കാടാമ്പുഴ റോഡിലെ പാങ്ങ് വേണി പാലം

1456 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂട്ടിലങ്ങാടി–കുറുവ–കാടാമ്പുഴ റോഡിലെ പാങ്ങ് വേണി പാലം ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ആയിരത്തിലധികം വാഹനങ്ങൾ കടന്നുപോകുന്ന പ്രസ്തുത പാലം പുനരുദ്ധരിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

<u>കാവനാൽക്കടവ് പാലത്തിന്റെ നിർമ്മാണം</u>

1457 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാവനാൽക്കടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ;

(ബി) നിർമ്മാണവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും ചെയ്യേണ്ട പ്രവൃത്തികൾ ക്രമീകരിച്ചു നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് എന്നത്തേക്ക് ഗതാഗതയോഗ്യമാക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

തൊണ്ടിയിൽ പാലത്തിന്റെ പുനർനിർമ്മാണം

1458 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി–കൊട്ടിയൂർ–അമ്പായത്തോട്–മാനന്തവാടി അന്തർജില്ലാ പാതയിലുള്ള തൊണ്ടിയിൽ പാലം അപകടാവസ്ഥയിലാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, തൊണ്ടിയിൽ പാലം പുനർനിർമ്മിക്കുന്നതിന് എന്തു നടപടിയാണു സ്വീകരിച്ചിട്ടുള്ളത്;

(സി) ഇല്ലെങ്കിൽ, പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>മമ്പറം പാലത്തിന്റെ നിർമ്മാണ പ്രവൃത്തി</u>

1459 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മമ്പറം പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടോ;

(സി) എങ്കിൽ അതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കടമ്പഴിപ്പുറത്തെ പാലാരിതോട്ടിൽ പാലം നിർമ്മാണം</u>

1460

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിലെ കടമ്പഴിപ്പുറത്തെ പാലാരിതോട്ടിൽ പാലം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലാരിതോട്ടിൽ പാലം നിർമ്മിക്കുന്നതിനായിട്ടുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; അതിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ അയിലം പാലം നിർമ്മാണം</u>

1461 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ അയിലം പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) അയിലം പാലം നിർമ്മാണപ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി പാലം ഗതാഗത യോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കൂവ്വപ്പടി മൂഴിപ്പാലം നിർമ്മാണം</u>

1462 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കൂവ്വപ്പടി മൂഴിപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാലത്തിന്റെ ദിശ നിശ്ചയിച്ചിട്ടുണ്ടോ ;

(സി) വിശദമായ എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും ലഭ്യമായിട്ടുണ്ടോ ; അടങ്കൽ തുക എത്രയാണ് ; വിശദവിവരം നൽകാമോ ;

(ഡി) ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകി ടെണ്ടർ നടപടികൾ എപ്പോൾ ആരംഭിക്കാനാകും എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

<u>കാലടിയിലെ പുതിയ പാലം നിർമ്മാണം</u>

1463 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിലെ കാലടിയിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഭരണാനുമതി നൽകിയ തീയതിയും തുകയും വ്യക്തമാക്കുമോ;

(സി) ഭരണാനുമതിയുടെ കാലാവധി എന്നുവരെയാണ്;

(ഡി) ഭരണാനുമതി അവസാനിച്ചുവെങ്കിൽ പുതുക്കി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) അപ്രോച്ച് റോഡുകളുടെ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി അറിയിക്കുമോ;

(എഫ്) പുതിയ പാലവും റോഡും സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>നേമം നിയോജക മണ്ഡലത്തിൽ പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന പാലങ്ങൾ</u>

1464 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിൽ പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന പാലങ്ങൾ ഏതൊക്കെയാണെന്നും അവ ഓരോന്നിനും വിനിയോഗിക്കാനുദ്ദേശിക്കുന്ന തുക എത്ര വീതമാണെന്നും അവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 11.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്.

[ചട്ടം 47(1)].